# മധുരമായ കുട്ടികളേ - ഉയർന്ന ബാബ നിങ്ങൾ ഉയർന്നവർക്ക് കൂടുതൽ പരിശ്രമം നൽകുന്നില്ല, കേവലം രണ്ടക്ഷരം ഓർമ്മിക്കൂ അല്ലാഹുവും സമ്പത്തും

**ചോദ്യം:–** ആത്മീയ അച്ഛന്റെ മുഖ്യമായ കർത്തവ്യം എന്താണ്, അതിൽ തന്നെയാണ് ബാബയ്ക്ക് സന്തോഷം വരുന്നത്?

**ഉത്തരം:–** ആത്മീയ അച്ഛന്റെ മുഖ്യമായ കർത്തവ്യം പതിതരെ പാവനമാക്കുക എന്നതാണ്. ബാബയ്ക്ക് പാവനമാക്കുന്നതിലാണ് വളരെ അധികം സന്തോഷം വരുന്നത്. ബാബ വരുന്നതുതന്നെ കുട്ടികളുടെ സദ്ഗതി ചെയ്യുന്നതിനായാണ് അഥവാ എല്ലാവരേയും സതോപ്രധാനമാക്കി മാറ്റാനാണ് എന്തുകൊണ്ടെന്നാൽ ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. കേവലം ഒരു പാഠത്തെ പക്കയാക്കു– ഞാൻ ദേഹമല്ല ആത്മാവാണ്. ഈ പാഠത്തിലൂടെ ബാബയുടെ ഓർമ്മയുണ്ടാകും മാത്രമല്ല പാവനമാവുകയും ചെയ്യും.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. നിങ്ങൾ കുട്ടികളെ പാവനമാക്കി മാറ്റുന്നതിൽ ബാബയ്ക്കും വളരെ അധികം സന്തോഷം തോന്നുന്നു അതിനാലാണ് പറയുന്നത് പതിത പാവനനായ ബാബയെ ഓർമ്മിക്കൂ. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ് മറ്റാരുമല്ല. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ തീർച്ചയായും വീട്ടിലേയ്ക്ക് തിരിച്ചുപോകണം. പുരുഷാർത്ഥം കൂടുതൽ ചെയ്യുന്നതിനായി ഓർമ്മയുടെ യാത്ര അത്യാവശ്യമാണ് എന്ന് ബാബ പറയുന്നു. ഓർമ്മയിലൂടെയേ പാവനമാകൂ പിന്നീടുള്ളത് പഠിപ്പാണ്. ആദ്യം അല്ലാഹുവായ ബാബയെ ഓർമ്മിക്കൂ ശേഷം ഈ രാജധാനിയെ ഓർമ്മിക്കു, ഇതിനായി നിങ്ങൾക്ക് നിർദേശം നൽകുകയാണ്. 84 ജന്മങ്ങൾ എങ്ങനെയാണ് എടുക്കുന്നത് എന്നത് നിങ്ങൾക്ക് അറിയാം. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറുന്നു, ഏണിപ്പടി താഴേയ്ക്ക് ഇറങ്ങുന്നു. ഇപ്പോൾ വീണ്ടും സതോപ്രധാനമായി മാറണം. സത്യയുഗമാണ് പാവനലോകം, അവിടെ പതിതമായി ഒരാൾപോലും ഇല്ല. സത്യയുഗത്തിൽ ഈ കാര്യമേ ഉണ്ടാകില്ല. പ്രധാന കാര്യം പാവനമായി മാറുക എന്നതാണ്. ഇപ്പോൾ പവിത്രമായി മാറൂ എങ്കിലേ പുതിയ ലോകത്തിൽ വരൂ ഒപ്പം രാജ്യം ഭരിക്കാൻ യോഗ്യരായി മാറൂ. എല്ലാവർക്കും പാവനമാവുകതന്നെ വേണം, അവിടെ പതിതമായവർ ഉണ്ടാകില്ല. ഇപ്പോൾ സതോപ്രധാനമായി മാറുന്നതിനുള്ള പുരുഷാർത്ഥം ആരാണോ ചെയ്യുന്നത് അവരാണ് പാവനലോകത്തിന്റെ അധികാരിയായി മാറുന്നത്. പ്രധാനകാര്യം ഒന്നേയുള്ളു. ബാബയെ ഓർമ്മിച്ച് സതോപ്രധാനമായി മാറണം. ബാബ കൂടുതൽ ബുദ്ധിമുട്ടുകളൊന്നും നൽകുന്നില്ല. കേവലം പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. വീണ്ടും വീണ്ടും പറയുന്നു ആദ്യം ഈ പാഠം പക്കയാക്കൂ - ഞാൻ ദേഹമല്ല, ആത്മാവാണ്. ഇത്രയേയുള്ളു. വലിയ ആളുകൾ കൂടുതൽ പഠിക്കില്ല, രണ്ട് വാക്കുകളിൽ തന്നെ കേൾപ്പിക്കും. വലിയ ആളുകളെ ബുദ്ധിമുട്ടിപ്പിക്കാറില്ല. നിങ്ങൾക്ക് അറിയാം സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറാൻ എത്ര ജന്മങ്ങൾ എടുത്തു? 63 ജ* സുഖധാമത്തിന്റെ അധികാരികളായിരുന്നു എന്ന കാര്യത്തിൽ നിശ്ചയമുണ്ടല്ലോ. സുഖധാമം ഉണ്ടായിരുന്നു അതിനെത്തന്നെയാണ് ആദിസനാതന ദേവീ–ദേവതാ ധർമ്മം എന്നു പറയുന്നത്. അവരും മനുഷ്യരായിരുന്നു പക്ഷേ ദൈവീക ഗുണങ്ങൾ നിറഞ്ഞവരായിരുന്നു. ഇപ്പോഴുള്ളത് ആസുരീയ അവഗുണങ്ങൾ നിറഞ്ഞ മനുഷ്യരാണ്. അസുരന്മാരും ദേവന്മാരും തമ്മിൽ യുദ്ധമുണ്ടായി അതിനുശേഷം ദേവതകളുടെ രാജ്യം സ്ഥാപിക്കപ്പെട്ടു എന്ന് ശാസ്ത്രങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. ബാബ ഇക്കാര്യം മനസ്സിലാക്കിത്തരുകയാണ്– നിങ്ങൾ ആദ്യം അസുരന്മാരായിരുന്നു. ബാബ വന്ന് ബ്രാഹ്മണനാക്കി മാറ്റി, ബ്രാഹ്മണനിൽ നിന്നും ദേവതയായി മാറുന്നതിനുള്ള യുക്തി പറഞ്ഞുതന്നു. അല്ലാതെ അസുരന്മാരും ദേവന്മാരും തമ്മിൽ യുദ്ധമൊന്നും ഉണ്ടായിട്ടില്ല. അഹിംസോ പരമോധർമ്മം എന്നാണ് ദേവതകളെക്കുറിച്ച് പറയുന്നത്. ദേവതകൾ എപ്പോഴെങ്കിലും യുദ്ധം ചെയ്യുമോ. ഹിംസയുടെ കാര്യം ഉണ്ടാകില്ല. സത്യയുഗത്തിലെ ദൈവീക രാജ്യത്തിൽ യുദ്ധം എവിടെ നിന്നു വന്നു. സത്യയുഗത്തിലെ ദേവതകൾ ഇവിടെ വന്ന് അസുരന്മാരുമായി യുദ്ധം ചെയ്യുമോ അതോ അസുരന്മാർ അവിടെ ദേവതകളുടെ അടുത്ത് ചെന്ന് യുദ്ധം ചെയ്യുമോ? സാദ്ധ്യമല്ല. ഇത് പഴയ ലോകമാണ് എന്നാൽ അത് പുതിയ ലോകമാണ്, പിന്നെ യുദ്ധം എങ്ങനെ ഉണ്ടാകും. ഭക്തിമാർഗ്ഗത്തിൽ എന്ത് കേട്ടാലും അത് സത്യം സത്യമെന്ന് പറയും. ആരുടെയും ബുദ്ധി പോകുന്നില്ല, തീർത്തും കല്ലുബുദ്ധികളാണ്. കലിയുഗത്തിൽ കല്ലുബുദ്ധികളാണ്, സത്യയുഗത്തിൽ പവിഴ ബുദ്ധികളാണ്. പവിഴ നാഥന്റെ രാജ്യമാണ്. ഇവിടെയാണെങ്കിൽ രാജ്യമേയില്ല. ദ്വാപരത്തിലെ രാജാക്കന്മാരും അപവിത്രമായിരുന്നു, രത്നങ്ങൾ പതിച്ച കിരീടമുണ്ടായിരുന്നു എന്നാൽ പ്രകാശ കിരീടം ഉണ്ടായിരുന്നില്ല അർത്ഥം പവിത്രത ഇല്ലായിരുന്നു. അവിടെ എല്ലാവരും പവിത്രമായിരുന്നു. അതിനർത്ഥം മുകളിൽ പ്രകാശം നിൽക്കും എന്നല്ല. ചിത്രത്തിൽ പവിത്രതയുടെ അടയാളമായി പ്രകാശം കാണിക്കുന്നു. ഈ സമയം നിങ്ങളും പവി

ത്രമായി മാറുകയാണ്. നിങ്ങളുടെ പ്രകാശം എവിടെയാണ്? ബാബയുമായി യോഗം വെച്ചാണ് പവിത്രമായി മാറുന്നത് എന്നത് നിങ്ങൾക്ക് അറിയാം. അവിടെ വികാരത്തിന്റെ പേരുപോലുമില്ല. വികാരീ രാവണ രാജ്യം തന്നെ അവസാനിക്കുന്നു. ഇവിടെ രാവണനെ കാണിക്കുന്നു, ഇപ്പോൾ രാവണരാജ്യമാണ് എന്നത് വ്യക്തമാക്കുന്നതിനാണ് അങ്ങനെ കാണിക്കുന്നത്. രാവണനെ ഓരോ വർഷവും കത്തിക്കുന്നുണ്ട്, പക്ഷേ കത്തുന്നില്ല. നിങ്ങൾ അതിനുമേൽ വിജയം പ്രാപ്തമാക്കുന്നു, പിന്നീട് ഈ രാവണൻ ഉണ്ടാകുകയില്ല.

നിങ്ങൾ അഹിംസകരാണ്. നിങ്ങളുടെ വിജയം യോഗബലത്തിലൂടെയാണ് ഉണ്ടാകുന്നത്. ഓർമ്മയുടെ യാത്രയിലൂടെ നിങ്ങളുടെ ജന്മ-ജന്മാന്തരങ്ങളിലെ വികർമ്മം വിനാശമാകണം. ജന്മ-ജന്മാന്തരം എന്നാൽ എപ്പോൾ മുതൽ? വികർമ്മം എപ്പോഴാണ് ആരംഭിക്കുന്നത്? ആദ്യമാദ്യം നിങ്ങൾ ആദിസനാതന ദേവീദേവതാ ധർമ്മത്തിലുള്ളവർ തന്നെയാണ് വരുന്നത്. സൂര്യവംശികൾ പിന്നീട് ചന്ദ്രവംശിയാകുമ്പോൾ രണ്ട് കലകൾ കുറയുന്നു. പിന്നീട് പതുക്കെ പതുക്കെ കലകൾ കുറയുന്നു. ഇപ്പോഴുള്ള പ്രധാനകാര്യം ബാബയെ ഓർമ്മിച്ച് സതോപ്രധാനമായി മാറുക എന്നതാണ്. കല്പം മുമ്പ് സതോപ്രധാനമായത് ആരാണോ അവരേ ഇപ്പോഴും ആകുകയുള്ളൂ. വന്നുകൊണ്ടിരിക്കും. നമ്പർവൈസായിരിക്കും. പിന്നീട് ഡ്രാമ അനുസരിച്ച് വരുമ്പോഴും നമ്പർവൈസായാണ് വരുന്നത്. വന്ന് ജന്മമെടുക്കും. ഡ്രാമ എത്ര വിചിത്രമായാണ് ഉണ്ടാക്കിയിരിക്കുന്നത്, ഇത് മനസ്സിലാക്കാനും ബുദ്ധി ആവശ്യമാണ്. നിങ്ങൾ താഴേയ്ക്ക് വീണു ഇനി മുകളിലേയ്ക്ക് കയറണം. നമ്പർവൈസായി പാസാകും പിന്നീട് നമ്പർവൈസായി താഴേയ്ക്ക് വരും. നിങ്ങളുടെ പ്രധാന ലക്ഷ്യം സതോപ്രധാനമാവുക എന്നതാണ്. എല്ലാവരും ഫുൾ പാസാവുകയില്ല. 100 മാർക്കിൽ നിന്നും പിന്നീട് കുറഞ്ഞ് കുറഞ്ഞ് വരും അതിനാൽ വളരെ അധികം പുരുഷാർത്ഥം ചെയ്യണം. ഈ പുരുഷാർത്ഥത്തിൽ തന്നെയാണ് തോറ്റുപോകുന്നത്. സേവനം ചെയ്യുന്നത് സഹജമാണ്. മ്യൂസിയത്തിൽ നിങ്ങൾ ഏതു രീതിയിലാണ് മനസ്സിലാക്കിക്കൊടുക്കുന്നത് എന്നതിൽ നിന്നും ഓരോരുത്തരുടേയും പഠിപ്പ് എങ്ങനെയുള്ളതാണ് എന്നത് മനസ്സിലാക്കാൻ സാധിക്കും. ടീച്ചേഴ്സിന്റെ ഹെഡ് നോക്കും ഇവർ നന്നായി മനസ്സിലാക്കിക്കൊടുക്കുന്നില്ല എന്നു തോന്നിയാൽ സ്വയം വന്ന് മനസ്സിലാക്കിക്കൊടുക്കും, വന്ന് സഹായിക്കും. ഒന്നോ രണ്ടോ ഗാർഡിനെ വെയ്ക്കും, നന്നായി മനസ്സിലാക്കിക്കൊടുക്കുന്നുണ്ടോ എന്ന് അവർ പരിശോധിക്കും. ഇതും മനസ്സിലാക്കുന്നുണ്ട് സെന്ററിൽ നടക്കുന്നതിനേക്കാൾ നല്ല സേവനം പ്രദർശിനികളിൽ നടക്കും. പ്രദർശിനിയേക്കാൾ നന്നായി മ്യൂസിയത്തിൽ നടക്കും. മ്യൂസിയത്തിൽ വളരെ അധികം ഷോ ഉണ്ടാകും, മാത്രമല്ല ആരാണോ കണ്ടിട്ട് പോയത് അവർ മറ്റുള്ളവരേയും കേൾപ്പിക്കും. ഇത് അവസാനം വരെ നടന്നുകൊണ്ടിരിക്കും.

ഈശ്വരീയ പിതാവിന്റെ വിശ്വ വിദ്യാലയം എന്നത് വളരെ നല്ല വാക്കാണ്. ഇതിൽ മനുഷ്യന്റെ പേരേയില്ല. ഇതിന്റെ ഉദ്ഘാടനം ചെയ്യുന്നത് ആരാണ്? ബാബ പറഞ്ഞിട്ടുണ്ട് നിങ്ങൾ വലിയ ആളുകളെക്കൊണ്ടാണ് ഉദ്ഘാടനം ചെയ്യിക്കുന്നത് എങ്കിൽ വലിയ ആളുകളുടെ പേരുകേട്ട് വളരെ അധികം പേർ വരും. ഒരാളുടെ പിന്നാലെ വളരെ അധികം പേർ വരും അതുകൊണ്ടാണ് ബാബ ഡൽഹിയിലേയ്ക്ക് എഴുതിയത് വലിയ വലിയ ആളുകളുടെ അഭിപ്രായം എന്താണോ അത് അച്ചടിക്കൂ, എങ്കിൽ മനുഷ്യർ കണ്ടിട്ട് പറയും ഇവരുടെ അടുത്തേയ്ക്ക് ഇത്രയും വലിയ വലിയ ആളുകൾ പോകുന്നുണ്ട്. ഇവർ വളരെ നല്ല അഭിപ്രായമാണ് പറയുന്നത്. ഇത് അച്ചടിക്കുന്നത് നല്ലതാണ്. ഇതിൽ മറ്റ് മന്ത്രജാലത്തിന്റെ കാര്യമൊന്നുമില്ല അതിനാലാണ് ബാബ അഭിപ്രായങ്ങളുടെ പുസ്തകം അച്ചടിക്കണം എന്ന് എഴുതുന്നത്. ഇവിടെയും വിതരണം ചെയ്യണം. അസത്യമായ ലോകം അസത്യമായ ശരീരം... എന്ന് പാടാറുണ്ട് ഇതിൽ എല്ലാം വരും. ഇത് രാവണ രാജ്യമാണ്, രാക്ഷസ രാജ്യമാണ് എന്നെല്ലാം പറയുന്നവർ വളരെ അധികമുണ്ട്. ഇത് ആരുടെ രാജ്യമാണോ അവർക്ക് ആദ്യം ചിന്ത വരണം. പതിതരായ ഞങ്ങളെ പാവനമാക്കൂ എന്ന് പറയാറുണ്ട്. അതിനാൽ പതിതമാണ് എന്നതിൽ എല്ലാം വന്നു. പതിതപാവനൻ എന്ന് എല്ലാവരും വിളിക്കുന്നുണ്ട് എങ്കിൽ തീർച്ചയായും എല്ലാവരും പതിതമല്ലേ.

പതിതപാവനൻ പരമപിതാ പരമാത്മാവാണോ അതോ ഈ നദിയും കുളവുമാണോ? എന്ന ചിത്രം നിങ്ങൾ ശരിയായി ഉണ്ടാക്കിയിരിക്കുന്നു. അമൃതസറിലും കുളമുണ്ട്. മുഴുവൻ വെള്ളവും അഴുക്കാകുന്നു. അതിനെ അവർ അമൃതുള്ള കുളം എന്നാണ് കരുതുന്നത്. വലിയ വലിയ രാജാക്കന്മാർ അമൃതാണ് എന്നു കരുതി കുളം വൃത്തിയാക്കുന്നു അതിനാലാണ് അമൃതസർ എന്ന് പേരുവെച്ചിരിക്കുന്നത്. ഇപ്പോൾ ഗംഗയേയും അമൃത് എന്ന് പറയുന്നുണ്ട് പക്ഷേ വെള്ളം ഇത്രയും അഴുക്ക് നിറഞ്ഞതാണ് കാര്യം ചോദിക്കുകയേ വേണ്ട. ബാബ ഈ നദികളിലെല്ലാം സ്നാനം ചെയ്തിട്ടുണ്ട്. വളരെ മോശമായ വെള്ളമായിരിക്കും. പിന്നീട് മണ്ണ് എടുത്ത് തേയ്ക്കും. ബാബ അനുഭവിയാണല്ലോ. പഴയ അനുഭവിയായ ആളുടെ ശരീരമാണ് എടുത്തിരിക്കുന്നത്. ഇത്രയും അനുഭവിയായ മറ്റൊരാളുണ്ടാകില്ല. വലിയ വലിയ വൈസ്രോയിമാരും രാജാ

ക്കന്മാരുമായും കൂടിക്കാഴ്ച നടത്തിയതിന്റെ അനുഭവമുണ്ട്. ചോളവും കമ്പും വിൽക്കുമായിരുന്നു. ചെറുപ്പത്തിൽ നാലോ അഞ്ചോ അണകൾ സമ്പാദിച്ചാൽത്തന്നെ സന്തോഷിക്കുമായിരുന്നു. നോക്കൂ ഇപ്പോൾ എവിടെ എത്തിയെന്ന്. ഗ്രാമത്തിലെ ബാലകൻ പിന്നീട് എന്തായിമാറി! ബാബ പറയുന്നു ഞാൻ സാധാരണ ശരീരത്തിലാണ് വരുന്നത്. ഇദ്ദേഹത്തിന് തന്റെ ജന്മങ്ങളെ അറിയില്ല. എങ്ങനെ 84 ജന്മങ്ങൾ എടുത്ത് അവസാനം ചെറിയ കുട്ടിയായി മാറി എന്നത് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ചരിത്രം കൃഷ്ണന്റേതുമല്ല, കംസന്റേതുമല്ല. കുടം പൊട്ടിച്ചു എന്നതെല്ലാം കൃഷ്ണനെക്കുറിച്ച് കള്ളം പറയുകയാണ്. നോക്കൂ ബാബ എത്ര സഹജമായാണ് പറയുന്നത്– മധുര മധുരമായ കുട്ടികളേ, നിങ്ങൾ ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ എല്ലാ ആത്മാക്കളുടേയും ഉയർന്നതിലും ഉയർന്ന അച്ഛനാണ്. നിങ്ങൾക്ക് അറിയാം നമ്മൾ എല്ലാവരും സഹോദരങ്ങളാണ്, അത് അച്ഛനാണ്. നമ്മൾ എല്ലാ സഹോദരങ്ങളും ഒരേയൊരു ബാബയെയാണ് ഓർമ്മിക്കുന്നത്. അവരാണെങ്കിൽ അല്ലയോ ഭഗവാനേ, അല്ലയോ ഈശ്വരാ എന്നെല്ലാം വിളിക്കുന്നുണ്ട് പക്ഷേ ഒന്നും അറിയുന്നില്ല. ബാബ ഇപ്പോഴാണ് പരിചയം നൽകിയത്. ഡ്രാമയുടെ പദ്ധതി അനുസരിച്ച് ഇതിനെ ഗീതായുഗം എന്നാണ് പറയുന്നത് എന്തുകൊണ്ടെന്നാൽ ബാബ വന്ന് ജ്ഞാനം കേൾപ്പിക്കുകയാണ് ഇതിലൂടെയാണ് ശ്രേഷ്ഠമായി മാറുന്നത്. ആത്മാവും ശരീരം ധാരണ ചെയ്ത് പിന്നീട് ശബ്ദിക്കുന്നു. ബാബയ്ക്കും ദിവ്യമായ അലൗകിക കർത്തവ്യം ചെയ്യണം അതിനാൽ ശരീരം ധാരണ ചെയ്യുന്നു. അരകല്പം മനുഷ്യർ ദുഃഖിയാകുമ്പോൾ വിളിക്കാൻ തുടങ്ങുന്നു. ബാബ കല്പത്തിൽ ഒരു തവണ മാത്രമാണ് വരുന്നത്. നിങ്ങളാണെങ്കിൽ വീണ്ടും വീണ്ടും പാർട്ട് അഭിനയിക്കുന്നു. ആദി സനാതന ദേവീദേവതാ ധർമ്മമാണ്, ആ അടിത്തറ ഇപ്പോൾ ഇല്ല. അവരുടെ ചിത്രം മാത്രം ബാക്കിയുണ്ട്. അതിനാൽ ബാബയും പറയുന്നു നിങ്ങൾക്ക് ഈ ലക്ഷ്മീ നാരായണനായി മാറണം. പ്രധാന ലക്ഷ്യം മുന്നിലുണ്ട്. ഇതാണ് ആദി സനാതന ദേവീദേവതാ ധർമ്മം. ഹിന്ദു ധർമ്മം എന്നത് ഒരു ധർമ്മമേയല്ല.  ഹിന്ദു എന്നത് ഹിന്ദുസ്ഥാന്റെ പേരാണ്. സന്യാസിമാർ എങ്ങനെയാണോ താമസിക്കുന്ന സ്ഥാനത്തെ അഥവാ ബ്രഹ്മത്തെ ഈശ്വരൻ എന്നു പറയുന്നത് അതുപോലെ താമസിക്കുന്ന സ്ഥാനത്തിന്റെ നാമത്തെ തന്റെ ധർമ്മത്തിനു നൽകി, ആദി സനാതനമായിട്ടുള്ളത് ഹിന്ദുധർമ്മമല്ല. ഹിന്ദുക്കൾ ദേവതകൾക്കുമിന്നിൽ ചെന്ന് നമിക്കുന്നു, മഹിമ പാടുന്നു, ആരാണോ ദേവതയായിരുന്നത് അവർ തന്നെയാണ് ഹിന്ദുക്കളായത്. ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരുമായി മാറി. ബാക്കിയെല്ലാ ധർമ്മങ്ങളും നിൽക്കുന്നുണ്ട്, ഈ ദേവതാ ധർമ്മം മാത്രം പ്രായലോപമായി. നിങ്ങൾ തന്നെയാണ് പൂജ്യരായിരുന്നത് പിന്നീട് പൂജാരിയായി മാറി ദേവതകളുടെ പൂജ ചെയ്യുന്നു. എത്ര മനസ്സിലാക്കിത്തരേണ്ടി വരുന്നു. കൃഷ്ണനെക്കുറിച്ചും എത്ര മനസ്സിലാക്കിത്തരുന്നു. അവർ സ്വർഗ്ഗത്തിലെ ആദ്യത്തെ രാജകുമാരനായിരുന്നു എങ്കിൽ ഇപ്പോൾ 84 ജന്മങ്ങൾ ആരംഭിക്കുന്നതും അവരിൽ നിന്നായിരിക്കും. ബാബ പറയുന്നു വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലേയും അന്തിമ സമയത്താണ് ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നത്. അപ്പോൾ ഇദ്ദേഹത്തിന്റെ കണക്കും തീർച്ചയായും പറയുമല്ലോ. ഈ ലക്ഷ്മീ നാരായണന്മാർ തന്നെയാണ് ആദ്യ നമ്പറിൽ വന്നത്. അതിനാൽ ആരാണോ ആദ്യമുണ്ടായിരുന്നത് അവർ തന്നെയാണ് അവസാനവും ഉണ്ടാവുക. ഒരു കൃഷ്ണൻ മാത്രമല്ല ഉണ്ടായിരുന്നത്, ഒരുപാടുപേർ വിഷ്ണുവംശത്തിൽ ഉണ്ടായിരുന്നു. ഈ കാര്യങ്ങൾ നിങ്ങൾക്ക് നല്ലരീതിയിൽ അറിയാം. ഇത് പിന്നീട് മറന്നുപോകരുത്. ഇപ്പോൾ മ്യൂസിയങ്ങൾ തുറക്കുന്നുണ്ട്, ഇനിയും ഒരുപാട് തുറക്കും. വളരെ അധികംപേർ വരും. ക്ഷേത്രങ്ങളിൽ ചെന്ന് നമസ്ക്കരിക്കുന്നില്ലേ. അതുപോലെ നിങ്ങളുടെ അടുത്തും ലക്ഷ്മീ നാരായണന്റെ ചിത്രങ്ങൾ കാണുമ്പോൾ ഭക്തർ ആ ചിത്രത്തിനുമുന്നിൽ പൈസ വെയ്ക്കും. നിങ്ങൾ പറയുന്നു ഇവിടെയുള്ളത് മനസ്സിലാക്കേണ്ട കാര്യമാണ് അല്ലാതെ പൈസ വെയ്ക്കേണ്ട കാര്യമല്ല. ഇപ്പോൾ ശിവക്ഷേത്രത്തിലേയ്ക്ക് പോവുകയാണെങ്കിൽ നിങ്ങൾ പൈസ വെയ്ക്കുമോ? നിങ്ങൾ പോകുന്നത് മനസ്സിലാക്കിക്കൊടുക്കണം എന്ന ലക്ഷ്യത്തോടെയാണ് എന്തെന്നാൽ നിങ്ങൾക്ക് എല്ലാവരുടേയും ജീവിതകഥ അറിയാം. ക്ഷേത്രങ്ങൾ ഒരുപാടുണ്ട്. മുഖ്യമായത് ശിവക്ഷേത്രമാണ്. അവിടെ മറ്റുള്ള മൂർത്തികൾ എന്തുകൊണ്ടാണ് വെയ്ക്കുന്നത്. എല്ലാവരുടേയും മുന്നിൽ പൈസ വെയ്ക്കുകയാണെങ്കിൽ വരുമാനം ഉണ്ടാകും. അപ്പോൾ അതിനെ ശിവക്ഷേത്രം എന്നു പറയുമോ അതോ ശിവഭഗവാന്റെ കുടുംബസമേതമുള്ള ക്ഷേത്രം എന്നു പറയുമോ. ശിവബാബയാണ് ഈ കുടുംബം സ്ഥാപിച്ചത്. നിങ്ങൾ ബ്രാഹ്മണരുടേതാണ് സത്യം സത്യമായ പരിവാരം. ശിവബാബയുടെ കുടുംബം സാളിഗ്രാമങ്ങളാണ്. പിന്നീട് നമ്മൾ സഹോദരീ സഹോദരങ്ങളുടെ പരിവാരമായി മാറുന്നു. ആദ്യം സഹോദരങ്ങളായിരുന്നു, പിന്നീട് ബാബ വരുമ്പോൾ സഹോദരീ സഹോദരങ്ങളാകുന്നു. പിന്നീട് നിങ്ങൾ സത്യയുഗത്തിലേയ്ക്ക് വരുന്നു. അപ്പോൾ അവിടെ പരിവാരം ഇതിലും വലുതാകുന്നു. അവിടെയും വിവാഹങ്ങൾ നടക്കുന്നതിനാൽ കുടുംബത്തിന് വീണ്ടും വൃദ്ധി ഉണ്ടാകുന്നു. വീട്ടിൽ അഥവാ ശാന്തിധാമത്തിൽ ഇരിക്കുമ്പോൾ നമ്മൾ സഹോദരങ്ങളും, ഒരേയൊരു ബാബയും. പിന്നീട് ഇവിടെ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ സഹോദരീ സഹോദരങ്ങളാണ് മറ്റൊരു ബന്ധവുമില്ല, പിന്നീട് രാവണ രാജ്യത്തിൽ വളരെ അധികം വൃദ്ധി ഉണ്ടാകുന്നു. ബാബ

എല്ലാ രഹസ്യങ്ങളും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു എന്നിട്ട് പറയുന്നു- മധുര മധുരമായ കുട്ടികളേ, ബാബയെ ഓർമ്മിക്കു എങ്കിൽ ജന്മ-ജന്മാന്തരങ്ങളിലെ പാപങ്ങളുടെ ഭാരം തലയിൽ നിന്നും ഇറങ്ങും. പഠിപ്പിലൂടെ പാപം മുറിയില്ല. ബാബയുടെ ഓർമ്മയാണ് മുഖ്യം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഫുൾ മാർക്കോടെ പാസാകുന്നതിനായി തന്റെ ബുദ്ധിയെ സതോപ്രധാനവും പവിഴവുമാക്കി മാറ്റണം. സങ്കുചിത ബുദ്ധിയിൽ നിന്നും വിശാല ബുദ്ധിയുള്ളവരായി മാറി ഡ്രാമയുടെ വിചിത്രമായ രഹസ്യത്തെ മനസ്സിലാക്കണം.

2) ഇപ്പോൾ ബാബയ്ക്കുസമാനം ദിവ്യവും അലൗകികവുമായ കർമ്മം ചെയ്യണം. ഡബിൾ അഹിംസകരായി മാറി യോഗബലത്തിലൂടെ തന്റെ വികർമ്മങ്ങളെ വിനാശമാക്കണം.

## വരദാനം - കർമ്മത്തിന്റെയും യോഗത്തിന്റെയും ബാലൻസിലൂടെ ബ്ലെസ്സിംഗിന്റെ (ആശീർവ്വാദം) അനുഭവം ചെയ്യുന്ന കർമ്മയോഗിയായി ഭവിയ്ക്കട്ടെ.

കർമ്മയോഗി അർത്ഥം ഓരോ കർമ്മവും യോഗയുക്തം. കർമ്മയോഗി ആത്മാവ് സദാ കർമ്മത്തിന്റെയും യോഗത്തിന്റെയും ബാലൻസ് വെക്കുന്നവരായിരിക്കും. കർമ്മവും യോഗവും ബാലൻസാകുന്നതിലൂടെ ഓരോ കർമ്മത്തിലും ബാബയിലൂടെയുള്ള ആശീർവ്വാദം ലഭിക്കുമെന്നു മാത്രമല്ല, ആരുടെയെല്ലാം സംബന്ധ സമ്പർക്കത്തിലേക്ക് വരുന്നുവോ അവരുടെയെല്ലാം ആശീർവ്വാദവും ലഭിക്കുന്നു. ഏതെങ്കിലും നല്ല കാര്യം ചെയ്യുകയാണെങ്കിൽ ഹൃദയത്തിൽ നിന്നും അവരുടെയെല്ലാം ആശീർവ്വാദങ്ങൾ ലഭിക്കുന്നു. വളരെ നല്ലത്, വളരെ നല്ലത്... എന്ന് പറയുന്നതു തന്നെയാണ് ആശീർവ്വാദം.

## സ്ലോഗൻ - സെക്കന്റിൽ സങ്കല്പങ്ങളെ നിർത്തലാക്കാനുള്ള അഭ്യാസം തന്നെയാണ്, കർമ്മാതീത അവസ്ഥയെ സമീപത്തെത്തിക്കുന്നത്.